താ.

# ജില്ലാ സീനിയർ ബോയ്സ് ബോൾ ചാമ്പ്യൻഷിപ്പ്

## ഡയമണ്ട് 16ഉം ശ്രീദുർഗ്ഗാവിലാസം സ്കൂളും ജേതാക്കളായി




തൃശൂർ: ജെപിഇഎച്ച്എസ്എസ് കൂർക്കഞ്ചേരിയിൽ നടന്ന തൃശൂർ ജില്ലാ സീനിയർ ബേയസ് ബോൾ ചാമ്പ്യൻഷിപ്പ് സമാപിച്ചു. പുരുഷ വിഭാഗത്തിൽ ഡയമണ്ട് 16 കൊടുങ്ങല്ലൂർ ഒന്നാം സ്ഥാനവും ശ്രീദുർഗ്ഗാവിലാസം സ്കൂൾ പേരാമംഗലം രണ്ടാം സ്ഥാനവും പ്ലേബോൾ വാടാനപ്പിള്ളി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വനിതാവിഭാഗത്തിൽ ദുർഗ്ഗാവിലാസം സ്കൂൾ ഒന്നാം സ്ഥാനവും ചേർപ്പ് സ്പോർട്സ് അക്കാദമി രണ്ടാം സ്ഥാനവും യുവശബ്ദം ഒല്ലൂർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് തൃശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ മെമ്പർ അഡ്വ.കെ.ആർ. അജിത് ബാബു സമ്മാനദാനം നിർവഹിച്ചു. ബേയ്സ്ബോൾ അസോസിയേഷൻ വൈസ് പ്രസിഡണ്ട് ഫിഡലി ബെന്നി അധ്യക്ഷത വഹിച്ചു. സംസ്ഥാന ഒബ്സർവർ ആദർശ് ടി.യു. മുഖ്യാതിഥിയായി. ഒളിമ്പിക്സ് അസോസിയേഷൻ സെക്രട്ടറി അഖിൽ അനിരുദ്ധൻ, ബേയ്സ്ബോൾ അസോസിയേഷൻ സെക്രട്ടറി ഗോകുൽകൃഷ്ണ വി.ഡി. തുടങ്ങിയവർ സംസാരിച്ചു.